ഉത്തരം

(എ) നിലവിൽ വ്യവസ്ഥയുണ്ട്.

(ബി) ഉണ്ട്. ഇപ്പോൾ 1963-ലെ കേരള പബ്ലിക് അക്കൗണ്ട്സ് ആക്റ്റ് പ്രകാരം സർക്കാർ അഭിഭാഷകരിൽ നിന്നും അവർ ഉണ്ടാക്കുന്ന നഷ്ടം അവരിൽ നിന്നും ഈടാക്കാൻ വ്യവസ്ഥയുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വിവിധ കോടതികളിൽ നിയമിക്കപ്പെട്ട സർക്കാർ അഭിഭാഷകർ

152 [1091] ശ്രീ. ടി. എം. ജേക്കബ് :

.. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആന്റണി സർക്കാരിന്റേയും ഉമ്മൻചാണ്ടി സർക്കാരിന്റേയും കാലത്ത് വിവിധ കോടതികളിൽ നിയമിക്കപ്പെട്ട സർക്കാർ അഭിഭാഷകർ ആരെല്ലാമാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഇവർക്കായി ഒരു വർഷം ശമ്പളയിനത്തിൽ നൽകുന്ന തുക എത്ര ;

(സി) ഇതിൽ എത്ര അഭിഭാഷകർക്ക് സർക്കാർ വാഹനങ്ങളും പ്രത്യേക സ്റ്റാഫിനേയും അനുവദിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആന്റണി സർക്കാരിന്റേയും ഉമ്മൻ ചാണ്ടി സർക്കാരിന്റേയും കാലത്ത് ഈ വകുപ്പിൽ നിന്നും വിവിധ കോടതികളിൽ നിയമിക്കപ്പെട്ട സർക്കാർ അഭിഭാഷകരുടെ പേരുവിവരവും വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. †

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

തസ്തികമാറ്റം വഴി ലീഗൽ അസിസ്റ്റന്റ് നിയമനം

153 [1092] ശ്രീ. ലൂഡി ലൂയീസ് :

.. പി. ടി. തോമസ് :

.. കെ. സി. ജോസഫ് :

.. കെ. എ. ചന്ദ്രൻ. താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമ വകുപ്പിൽ നിയമ ബിരുദധാരികളായ എത്ര ക്ലാസ്-ഫോർ ജീവനക്കാരുണ്ട് ; നിയമ വകുപ്പിലെ എൽ.എൽ.ബി. പാസ്സായ ടൈപ്പിസ്റ്റുകൾക്കും സി.എ.-മാർക്കും ലീഗൽ അസിസ്റ്റന്റുമാരായി പ്രമോഷൻ നൽകാറുണ്ടോ :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിയമ ബിരുദം സമ്പാദിച്ച നിയമ വകുപ്പിലെ ക്ലാസ്-ഫോർ ജീവനക്കാർക്ക് ലീഗൽ അസിസ്റ്റന്റായി പ്രൊമോഷൻ വഴിയോ തസ്തികമാറ്റം വഴിയോ നിയമനം നൽകാറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) നിയമ ബിരുദമുള്ള ക്ലാസ്-ഫോർ ജീവനക്കാർക്ക് നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റ്-2 തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നതിലേക്കായി എതെങ്കിലും സംഘടന മെമ്മോറാണ്ടം നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(ഡി) ഉണ്ടെങ്കിൽ നിയമ വകുപ്പിലെ ക്ലാസ്-ഫോർ ജീവനക്കാർക്ക് കൂടി തസ്തിക മാറ്റം വഴിയോ മറ്റുവിധത്തിലോ ലീഗൽ അസിസ്റ്റന്റായി നിയമനം നൽകുവാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) നിയമ വകുപ്പിൽ 3 നിയമ ബിരുദധാരികളായ ക്ലാസ്-ഫോർ ജീവനക്കാർ ഉണ്ട്. നിയമ ബിരുദമുള്ള സി.എ.-മാർക്കും, ടൈപ്പിസ്റ്റുമാർക്കും ലീഗൽ അസിസ്റ്റന്റായി പ്രൊമോഷൻ നൽകാറില്ല.

(ബി) മറ്റു വകുപ്പുകളിലെ ജീവനക്കാർ തസ്തികമാറ്റം വഴി ലീഗൽ അസിസ്റ്റന്റായി നിയമനം ലഭിക്കുന്നതുപോലെ നിയമ വകുപ്പിലെ ക്ലാസ്-ഫോർ ജീവനക്കാർക്കും തസ്തികമാറ്റം വഴി ലീഗൽ അസിസ്റ്റന്റായി നിയമനം ലഭിക്കാൻ വ്യവസ്ഥയുണ്ട്.

(സി) ഉണ്ട്. ലാസ്റ്റ് ഗ്രേഡ് അസോസിയേഷൻ നിവേദനം നൽകിയിട്ടുണ്ട്.

(ഡി) ഇപ്പോൾതന്നെ തസ്തികമാറ്റം വഴി നിയമനം ലഭിക്കാൻ വ്യവസ്ഥയുണ്ട്.

സ്ഥിരം വക്കീലിനെ നിയമിക്കാൻ നടപടി

154 [1093] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം മണ്ഡലത്തിലെ പെരുമണ്ണ അങ്ങാടിയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് ഗവൺമെന്റ് എമർജൻസി ക്ലോസ് വച്ച് എ.എസും ടി.എസും കൊടുത്ത് അപ്രൂവ് ചെയ്ത പെരുവണ്ണ ബൈപ്പാസ് റോഡിന്റെ പ്രവർത്തനം തടസ്സപ്പെടുത്തുന്നതിനെതിരെ ഡബ്ല്യു.പി. (സി) 26379/05 നമ്പർ പ്രകാരം ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ കേസ്സ് ഫയൽ ചെയ്തത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കേസ്സിന് ഗവൺമെന്റ് പ്രോസിക്യൂട്ടറുടെ ഭാഗത്ത് നിന്ന് കാര്യമായ ഇടപെടൽ ഉണ്ടായിട്ടുണ്ടോ ;

(സി) പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർ കോടതിയിൽ സമർപ്പിക്കാൻ നൽകിയ നോട്ട് ഗവൺമെന്റ് പ്രോസിക്യൂട്ടർ കോടതി മുമ്പാകെ സമർപ്പിച്ചിട്ടില്ലെന്ന വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly